## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3542 17.12.2015-ന് മറുപടി നൽകേണ്ടത്

# സംസ്ഥാന വിവരാവകാശകമ്മീഷന്റെ പ്രവർത്തനം

**ചോദ്യം**

ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, കെ. എൻ. എ. ഖാദർ
,, സി. മമ്മൂട്ടി
,, വി. എം. ഉമ്മർ മാസ്റ്റർ

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | വിവരാവകാശനിയമം നടപ്പിലാക്കി പത്തു വർഷം തികയുന്ന ഘട്ടത്തിൽ ആയതു സംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടുണ്ടോ : എങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ ; | (എ) | വിവരാവകാശനിയമം 2005 നടപ്പിലാക്കി 10 വർഷം പൂർത്തിയാക്കിയ ഘട്ടത്തിൽ അതു സംബന്ധിച്ച് പ്രത്യേകമായ ഒരു വിലയിരുത്തൽ നടത്തിയിട്ടില്ല. എന്നാൽ സംസ്ഥാനത്ത് വിവരാവകാശനിയമം വളരെ ഫലപ്രദമായ രീതിയിലാണ് നടക്കുന്നതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | സംസ്ഥാന വിവരാവകാശ കമ്മീഷന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച പരാതികളോ അഭിപ്രായങ്ങളോ ശ്രദ്ധിച്ചിട്ടുണ്ടോ : കമ്മീഷന്റെ പ്രവർത്തനം സംബന്ധിച്ച വിലയിരുത്തൽ എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ : | (ബി) യും (സി) യും | കമ്മീഷൻ അപ്പീലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവരാവകാശ കമ്മീഷനിൽ നിലവിൽ നാല് ഒഴിവുകളുണ്ട്. പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. പ്രസ്തുത ഒഴിവുകൾ നികത്തുന്നതോടുകൂടി ഈ പ്രശ്നം പരിഹരിക്കപ്പെടുന്നതാണ്.<br>കമ്മീഷന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് വലിയ തോതിൽ പരാതികൾ ഉയർന്നുവന്നിട്ടില്ല. |
| (സി) | വിവരാവകാശ കമ്മീഷന്റെ സേവനം തേടിയവരുടെ അഭിപ്രായങ്ങൾ ക്ഷണിച്ചും അപാകതകൾ പരിഹരിച്ചും ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ